# ആ ഇരു 'മുസ്‌ലിം'കള്‍ ഒരാള്‍ തന്നെയോ..?

പി.എ.ജെ തുറക്കല്‍

സൃഷ്ടികളോട് പ്രാര്‍ത്ഥിക്കാമെന്ന് തൗഹീദുള്‍ക്കൊണ്ട ഒരു വിശ്വാസിയും വാദിക്കുകയില്ല. സൃഷ്ടിയുടെ കഴിവില്‍ പെടാത്ത കാര്യം സൃഷ്ടിയോടപേക്ഷിക്കുന്നത് ആ സൃഷ്ടിയോടുള്ള പ്രാര്‍ത്ഥനയും ആരാധനയും ശിര്‍ക്കുമാണെന്ന് തൗഹീദുള്‍ക്കൊണ്ട ആര്‍ക്കും അറിയാം. താന്‍ തേടുന്ന കാര്യം സാധിപ്പിച്ചു തരാന്‍ ആ സൃഷ്ടിക്ക് സാധിക്കുമെന്ന വിശ്വാസത്തിലാണല്ലോ പ്രസ്തുത അപേക്ഷ.

മലക്കുകളേയോ ജിന്നുകളേയോ വിളിച്ച് സഹായം ആവശ്യപ്പെടാമോ? അത് അനുവദനീയ മാണോ അല്ലയോ? എന്നത് ഈ കുറിപ്പുകാരന്റെ ചര്‍ച്ചയല്ല. അതൊരു ചര്‍ച്ചാ വിഷയമായി ഇന്നോളം ഉദ്ദേശിച്ചിട്ടുമില്ല. അതു മാതൃകാപരമായ ഒരു കാര്യമാണെന്നോ അംഗീകൃതമാ ണെന്നോ ഇന്നോളം എഴുതുകയോ പറയുകയോ ചെയ്തിട്ടുമില്ല.

തങ്ങള്‍ തന്നെ തങ്ങളുടെ ആദര്‍ശമായി എഴുതി വെച്ചത് എതിര്‍ ചേരിയുടെ ആദര്‍ശമായും അത് വളരെ അപകടമായും ചിത്രീകരിച്ച് നടക്കുന്ന അവസരവാദികളായ ചില പ്രഭാഷകരുണ്ട്. തങ്ങളുടെ ആദര്‍ശം തകര്‍ന്നാലും കൊള്ളാം മറുചേരി തുലയണം, ഇത് മാത്രമാണ് അത്തരം പ്രഭാഷകരുടെയും തൂലികക്കാരുടെയും മോഹം. കൂട്ടത്തില്‍ തങ്ങളുടെ ചേരിയിലുള്ളവരെ സുഖിപ്പിക്കലും. തങ്ങള്‍ തന്നെ മുമ്പ് എഴുതി വെച്ചതും തങ്ങളുടെ കൃതികളിലുള്ളതുമായ കാര്യങ്ങള്‍ മറുചേരിയുടെ അപകടകരമായ ആദര്‍ശമായി പ്രചരിപ്പിക്കുമ്പോള്‍ അത് തിരിച്ച് വരുന്നത് തങ്ങള്‍ക്ക് നേരെയാണെന്ന് പോലും ഇവറ്റകള്‍ക്കോ അണികള്‍ക്കോ അറിയാതെ പോയി. പറയുന്നത് അവന്‍മാരെക്കുറിച്ചല്ലേ, നടക്കട്ടെ. നമുക്ക് ചിരിച്ച് കൊടുക്കാം, അവര്‍ക്ക് ഇത്രമാത്രമേ ചിന്തിക്കാന്‍ കഴിയൂ.

ജിന്നുകളോടും മലക്കുകളോടും പ്രാര്‍ത്ഥിക്കാമെന്ന് ഇസ്‌ലാഹിലുണ്ട്, പിശാചുക്കള്‍ പ്രാര്‍ത്ഥ നക്കുത്തരം ചെയ്യുമെന്നും ഇസ്‌ലാഹില്‍ വന്നിട്ടുണ്ട് എന്നീ നുണപ്രഭാഷണങ്ങളുമായി ഊരു ചുറ്റി. ഫലം ശൂന്യം! തങ്ങളുടെ പ്രസിദ്ധീകരണമായ ശബാബ് കൊണ്ട് തന്നെ മറുപടി കിട്ടാന്‍ തുടങ്ങി. മാത്രമോ? പലപ്പോഴായി പല ശബാബിലൂടെ വന്നവ പെറുക്കിക്കൂട്ടിക്കൊണ്ട് തന്നെ അല്ലാഹു ഇവരെക്കൊണ്ട് ഒറ്റകൃതിയായി പുറത്തിറക്കിച്ചു. ഇങ്ങോട്ട് എയ്ത് വിടുന്നത് അങ്ങോട്ട് തന്നെ തിരിച്ചയക്കാന്‍ പലര്‍ക്കും സൗകര്യമായി. കേള്‍ക്കുന്നവരും വായിക്കുന്ന വരും ഇത്തരം ഉദ്ധരണികള്‍ നേരില്‍ കാണാന്‍ ആഗ്രഹിച്ചത് കൊണ്ട് പുസ്തകം ഇറക്കിയ യുവതക്കാര്‍ക്ക് അതിന്റെ ഗുണം വിപണിയിലും അനുഭവപ്പെട്ടു കാണും.

ഇപ്പോള്‍ കണ്ണ് തുറന്നു. എല്ലാം അപകടമായിപ്പോയല്ലോ! ഇനിയെന്ത് ചെയ്യും? തിരുത്തുക തന്നെ! എങ്ങിനെ തിരുത്തും? തിരുത്തുകളോടു കൂടി ഒരു മഹാഗ്രന്ഥം തന്നെ എഴുതാന്‍ പോകുന്നു എന്ന ദക്ഷിണേന്ത്യന്റെ വെടി വന്നല്ലോ? എന്നിട്ടിവിടെ വല്ലതും സംഭവിച്ചോ? ഇതു പോലെ ശബാബിലെ മുസ്‌ലിമിന്റെ മറുപടിയിലും തിരുത്തുക തന്നെ. അല്ലാത്ത പക്ഷം നമ്മുടെ പ്രഭാഷകന്‍മാരുടെ നാവിന്റെ വളര്‍ച്ച നിലച്ച് പോവും. നമ്മുടെ കൊച്ചു ഗ്രൂപ്പിന് എന്തെങ്കിലു മൊരു നിലനില്‍പ്പ് വേണ്ടേ? പക്ഷെ, വസ്തുതാപരമായി വിഷയം സമര്‍ത്ഥിച്ച 'മുസ്‌ലിം' എങ്ങനെ അത് തിരുത്തും? അത് കൊണ്ട് തിരുത്തല്‍ നടന്നില്ല. അവസാനം പ്രഭാഷകര്‍ക്ക് മൂര്‍ച്ച കുറഞ്ഞു. എന്നാലും വിഷയം ഒഴിവാക്കാന്‍ വാചാലന്‍മാര്‍ക്ക് കഴിയുന്നില്ല. അവര്‍ തന്നെ മാര്‍ഗ്ഗം കണ്ടെത്തി. പതുക്കെ ഒരു ഞെരക്കം! ''ചെറിയമുണ്ടം അങ്ങനെയൊന്നും പറ ഞ്ഞിട്ടില്ല, ഇനി അങ്ങനെ പറഞ്ഞാലും അത് സ്വീകാര്യമല്ല.'' (ചെറിയമുണ്ടം പറഞ്ഞത് തെറ്റാ

ണെന്ന് പറയാൻ ദക്ഷിണേന്ത്യൻ കൂടെയുണ്ടല്ലോ). കാലം കുറച്ചു കൂടി മുന്നോട്ട് നീങ്ങിയപ്പോൾ ഒപ്പിച്ചെടുക്കൽ പ്രക്രിയ പിന്നെയും സജീവമായി. ''ചെറിയമുണ്ടം പറഞ്ഞത്, അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല എന്നാണ്'' കുറഞ്ഞ നാളുകൾ മാത്രം പ്രസ്തുത പ്രയോഗവും പയറ്റി നടന്ന് നോക്കി. അതിനും നിലനിൽപ്പില്ലാതായി മാറി. ജിന്നുകൾക്കും മലക്കുകൾക്കും കഴിവ് നൽകപ്പെടാത്ത കാര്യത്തിൽ സഹായം തേടിയാൽ പ്രാർത്ഥനയാവുകയില്ല എന്നാണോ ഇസ്‌ലാഹിൽ വന്നത്? അവരുടെ മുഅ്ജിസത്ത്-കറാമത്ത് കൊണ്ട് സഹായിക്കാൻ ആവശ്യപ്പെട്ടാൽ പ്രാർത്ഥനയാവുകയില്ല എന്ന് ഇസ്‌ലാഹിൽ ആരെങ്കിലും എഴുതിയിരുന്നോ? അഭൗതികവും കാര്യകാരണ ബന്ധങ്ങൾക്കതീതവുമായ കാര്യത്തിൽ ജിന്നുകളോടും മലക്കുകളോടും സഹായം ആവശ്യപ്പെട്ടാൽ പ്രാർത്ഥനയാവുകയില്ലെന്ന് ഇസ്‌ലാഹിൽ വന്നിരുന്നോ? എന്നിത്യാദി ചോദ്യങ്ങൾ ന്യായമായി പ്രതീക്ഷിക്കേണ്ടി വന്നു. നിർവ്വാഹമില്ല. തിരുത്തുക തന്നെ! പറഞ്ഞതിൽ അബദ്ധമുണ്ടെങ്കിലല്ലേ തിരുത്തുക. എതിർചേരിയെ എതിർക്കാൻ വേണ്ടി മാത്രം ഹഖ് തിരുത്താനൊക്കുമോ? എങ്ങിനെ തിരുത്തിപ്പിക്കും? വർഷങ്ങൾക്ക് മുമ്പ് പറഞ്ഞത് തെറ്റാണെന്ന് നേരിൽ കണ്ട് ബോധ്യപ്പെടിത്തിക്കൊടുക്കാനും കഴിയണ്ടേ? അതിന് മാർഗ്ഗമുണ്ട്. തിരുത്തണമെന്നില്ല. തിരുത്തി എന്ന് വരുത്തിയാൽ മതി. എന്നാൽ നമുക്ക് പറഞ്ഞ് നടക്കാം. ''ശബാബിൽ വന്നതിന് തിരുത്ത് വന്നിട്ടുണ്ട്'' അതിന് നമുക്ക് തിരുത്തിയാട് പ്രഭാഷണത്തിന്റെ കാരണം പറഞ്ഞ് തിരുത്തിക്കാം. എന്നാൽ കഴിയുന്നത്രയും സൂക്ഷ്മത പാലിക്കുന്ന ഒരു മാന്യപണ്ഡിതൻ സത്യത്തിനെതിരിൽ സംസാരിക്കാൻ സാധ്യതയില്ല. അത് കൊണ്ടാണ് തിരുത്ത് പോലെ എന്തോ ഒന്ന് 2009 ഡിസംബർ 11 ലെ ശബാബിൽ പ്രത്യക്ഷപ്പെട്ടത്. തിരുത്തിയാട് വെച്ച് നടന്ന മുജാഹിദുകളുടെ പ്രഭാഷണത്തെക്കുറിച്ചാണ് ചോദ്യവും മറുപടിയും. മറുപടി വളരെ രസാവഹമായിട്ടുണ്ട്. ''മുജാഹിദുകൾക്കിടയിൽ ജിന്ന് വിവാദം ആരംഭിക്കുന്നതിന് വളരെ മുമ്പ് ഒരു മുസ്‌ലിയാരുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ചോദ്യത്തിനുള്ള മറുപടിയിൽ 'മുസ്‌ലിം' രണ്ട് കാര്യങ്ങൾ വ്യക്തമാക്കിയിരുന്നു'' എന്ന വിശദീകരണവുമായാണ് തിരുത്തിയാട് പ്രഭാഷണത്തെക്കുറിച്ചുള്ള ചോദ്യത്തിന് നൽകിയ മറുപടി. എന്നിട്ടെന്തെങ്കിലും മാറ്റമുണ്ടായോ? ''അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല'' എന്ന് വളരെ മുമ്പ് ശബാബിൽ എഴുതിയത് ഇപ്പോൾ എടുത്തുദ്ധരിച്ചപ്പോൾ ''അത് പ്രാർത്ഥനയാണെന്ന് ഉറപ്പിച്ച് പറയാൻ പറ്റില്ല'' എന്നാക്കി മാറ്റിയത് ഒരു കൈക്രിയയാണെന്ന് പറയാവതല്ലെങ്കിലും ശബാബിലെ മുസ്‌ലിം അങ്ങനെ ചെറിയൊരു മാറ്റം വരുത്തുമെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. അത് കൊണ്ടാണ് വളരെ മുമ്പത്തെ മുസ്‌ലിമും 2009 ലെ മുസ്‌ലിമും ഒരാൾ തന്നെയോ എന്ന് ഈ കുറിപ്പുകാരൻ സംശയിച്ച് പോയത്.

ദക്ഷിണേന്ത്യൻ ചമയുന്ന പലരെക്കുറിച്ചും മനസ്സിൽ ഒട്ടും മതിപ്പില്ലാതെ ഓർക്കുമ്പോഴും ശബാബിലെ മുസ്‌ലിമിനെക്കുറിച്ച് ആദരവ് മാത്രമാണ് എന്നും മനസ്സിലുള്ളത്. അത് കൊണ്ടാണ് ഇതൊന്നും അംഗീകൃത സമ്പ്രദായമാണെന്ന് അദ്ദേഹം അംഗീകരിക്കുന്നില്ല എന്ന് ഈ കുറിപ്പുകാരൻ മറ്റൊരു ലഘുലേഖയിൽ പ്രത്യേകം എടുത്ത് പറഞ്ഞതും. എന്നാൽ അദ്ദേഹം വ്യക്തമാക്കിയത് പോലെത്തന്നെ അതൊരു അംഗീകൃത സമ്പ്രദായമായി ഇസ്‌ലാഹിലെ പ്രസ്തുത ലേഖനങ്ങളിലും പറഞ്ഞിട്ടില്ല.

പിന്നെ പ്രാർത്ഥനയാണെന്ന് ഉറപ്പിച്ച് പറയാൻ പറ്റില്ല എന്നാണല്ലോ ഇപ്പോഴത്തെ വിശദീകരണം? 'ഉറപ്പിച്ച് പറയുക' എന്ന് മാത്രമല്ല, അത് പ്രാർത്ഥനയാണോ എന്ന് സംശയിക്കാനും മാർഗ്ഗമില്ല എന്നാണ് ഈ കുറിപ്പുകാരന് വളരെ മുമ്പ് ശബാബിൽ പറഞ്ഞ പോലെത്തന്നെ പറയാനുള്ളത്.

പ്രാർത്ഥനയെന്നാൽ ഏറെ താഴ്മയോടെയുള്ള (കാര്യകാരണ ബന്ധത്തിനപ്പുറമുള്ള) അപേക്ഷയാണെന്നാണല്ലോ ശബാബിലെ ഇപ്പോഴത്തെ മുസ്‌ലിം മനസ്സിലാക്കിയിട്ടുള്ളത്. ഇത് തന്നെയാണ് അതിൽ പ്രാർത്ഥനയില്ലെന്ന് ഇസ്‌ലാഹിൽ മുമ്പേ എഴുതിയതും. കാര്യകാരണബന്ധത്തിനപ്പുറമുള്ള ഒരു കാര്യത്തിൽ സഹായിക്കാനായുള്ളൊരു അപേക്ഷ അതിലില്ല.

പിന്നെ, ''ആ മറുപടിയിൽ മുസ്‌ലിം വ്യക്തമാക്കിയ രണ്ടാമത്തെ കാര്യം'' എന്നെഴുതിക്കൊണ്ട് ചിലതെല്ലാം കുറിച്ചു കാണുന്നു. ചോദിക്കട്ടെ! ഇസ്‌ലാഹിലെ ലേഖനത്തിൽ പറഞ്ഞതിൽ കൂടുതലായി എന്താണതിൽ നിങ്ങൾക്ക് സമർത്ഥിക്കാൻ കഴിഞ്ഞത്? മലക്കിനേയും ജിന്നിനേയും വിളിച്ച് ഇസ്തിഗാസ നടത്താമെന്ന് ഇസ്‌ലാഹിൽ എഴുതിയിട്ടുണ്ടോ? മുമ്പിൽ മനുഷ്യനെ കാണുന്നില്ലെങ്കിൽ അല്ലാഹുവല്ലാത്തവരെ വിളിച്ച് സഹായം ആവശ്യപ്പെടാമെന്ന് ഇസ്‌ലാഹിലെ പ്രസ്തുത ലേഖനത്തിൽ വന്നിരുന്നോ? ചോദിക്കട്ടെ! ഇപ്പോൾ പറഞ്ഞ് പറഞ്ഞ് നിങ്ങൾ എവിടെയെത്തി? തുടങ്ങിയേടത്ത് തന്നെ തിരിച്ചെത്തി. ഇസ്‌ലാഹ് പറഞ്ഞേടത്ത് തന്നെ എത്തിപ്പെട്ടു. അതെ, ശബാബിൽ ആദ്യം പറഞ്ഞേടത്ത് തന്നെ വീണ്ടും എത്തി. എന്ത് നേടി?

ഇപ്പോഴെങ്കിലും എല്ലാവരും കൂടി നാല് ഭാഗത്ത് നിന്നും ഒന്ന് ഇളകിയല്ലോ? ഇനിയെങ്കിലും വടി കൊടുത്ത് അടി വാങ്ങരുതെന്ന് പ്രഭാഷകർക്ക് മുന്നറിയിപ്പ് നൽകുക. സംഘടനാ കാര്യങ്ങൾ സംസാരിച്ച് നടന്ന് കൊള്ളട്ടെ. എന്നാൽ ദീനീ കാര്യങ്ങളിൽ 'ആലിംജാഹിൽ' നൽകുന്ന കുറിപ്പ് നോക്കി അബദ്ധങ്ങൾ പറയാൻ പണ്ഡിതജാഹിലുകളെ രംഗത്തിറക്കരുത്. അഥവാ അങ്ങനെ ഇറക്കി വിട്ടാൽ പിന്നെ തിരുത്തല്ലാതിരുത്തും വിശദീകരണവും ഒക്കെ വേണ്ടി വരും.

തിരുത്തിയാട് മുജാഹിദുകൾ നടത്തിയ പ്രഭാഷണം എന്താണെന്ന് ഈ കുറിപ്പുകാരന് അറിയുകയില്ല. ഒരു കാര്യം വ്യക്തമാക്കട്ടെ. ഇൻസും ജിന്നും (മനുഷ്യവർഗ്ഗവും ഭൂതവർഗ്ഗവും) രണ്ടും ഒന്നാണെന്ന് ക്വുർആൻ മനസ്സിലാക്കിയ ആരും പറയുകയില്ല.

മുജാഹിദുകൾക്കിടയിൽ ജിന്ന് വിവാദം ആരംഭിക്കുന്നതിന് വളരെ മുമ്പ് ''ഒരു മുസ്‌ലിയാരുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിലുള്ള..............'' എന്നിങ്ങനെ എഴുതിക്കണ്ടു. സലഫീ പ്രവർത്തകർക്കെതിരിൽ വല്ലതും കുത്തിപ്പൊക്കാൻ കിട്ടുമോ എന്ന അന്വേഷണത്തിന്റെ തത്രപ്പാടിൽ സ്വന്തം എഴുതി വെച്ചത് മറന്ന് പോയി അല്ലേ? സ്വന്തം കുറിച്ച് വെച്ചത് പുറത്ത് വന്നപ്പോഴാണല്ലേ അക്കിടി ബോധ്യമായത്? അതോ, പഴയകാല മുസ്‌ലിയാർക്ക് മറുപടി പറഞ്ഞപ്പോൾ സത്യം പറയുകയും സലഫികൾക്കെതിരിൽ തിരിഞ്ഞപ്പോൾ നുണ എഴുതുകയും ചെയ്തുവല്ലേ?